# മഴത്തുള്ളി

LITTLE KITES 2022-2025


Govt.V&HSS KULATHOOR

TABLE OF
# CONTENTS


## MESSAGES

| | | |
|---|---|---|
| Headmaster | V. Asoka Kumar | 02 |
| principal | SMT. Anitha | 03 |
| VHSE principal | Sangeetha | 04 |
| SITC | Jaising Jose G R | 05 |
| kite Mistress | Minimole P B | 05 |
| kite master | Krishna Kumar | 05 |





കവിതകൾ 14
കഥകൾ 20
വരകൾ 22
കൈറ്റ്സ് 26
സ്കൂളിന്റെ ചരിത്രം 27

## EDITORIAL 06

പ്രവേശനോത്സവം **2023** 07
സോളാർപദ്ധതി ഉത്ഘാടനം 08
യോഗാദിനം 09
സയൻസ് എക്സിബിഷൻ 10
കരവയൽ കൃഷി 13

# MESSAGE



As the head of this prestigeous institution, I am greatly delighted to extent by good wishes and blessings to this great effort on behalf of my dear students of Little kites club and the teachers who guide them properly for the creation of a noble piece of art, literature and technical skills blend together. I hope it will be a model, guide and reference material to the upcomming student community. wish you all success in this great effort.

With warm regards,

Asokakumar. V

**Headmaster**

# MESSAGE



പ്രിയ ലിറ്റിൽകൈറ്റ്സിൽ പങ്കാളികളായ

കുഞ്ഞുങ്ങളെ,

നിങ്ങളുടെ ഉള്ളിൽ ഉറങ്ങിക്കിടക്കുന്ന

കലാവാസനകൾ ഈ മാഗസീനിലൂടെ

പ്രകടിപ്പിക്കാൻ കഴിയട്ടെ. ഹ്രദയത്തിന്റെ ഭാഷയിൽ

ടീച്ചറിന്റെ ഒരായിരം അഭിനന്ദനങ്ങൾ.




Best wishes

SMT.Anitha

principal

# MESSAGE



Feeling extreme delight to know
hat LITTLE KITES is publishing a magazine. Hope that the creative fire of our little angels can enlighten and ignite all. Really comendable effort. May our little angels come out with flying colours in coming years also.

Best wishes



# MESSAGE



## Jaising Jose G R

**SITC**

There is no doubt that digital publications have always being a great option that provide a wide new world for magazine design. I have great pleasure that the members of Little Kites bring out a digital magazine. I congratulate all teams worked behind this. I wish all success.

---



**Minimole P B**

Kite mistress

സാങ്കേതിക ജ്ഞാനം ലോകം അടക്കിവാഴുന്ന ഈ കാലത്ത് അതിനൊപ്പം നടക്കുവാനുള്ള കുഞ്ഞുമനസ്സുകളുടെ താല്പര്യത്തെ കൈപിടിച്ചുയർത്തുന്ന ലിറ്റിൽ കൈറ്റസ് ഈ വർഷത്തെ അടുത്ത നേട്ടത്തിലേക്ക് മഴത്തുള്ളികൾ സക്രൈബസ് എന്ന സ്വതന്ത്ര സോഫ്റ്റവെയർ ഉപയോഗിച്ച് കുട്ടികൾ നിർമ്മിച്ച ഈ വർഷത്തെ മാഗസീൻ അവരുടെ സാങ്കേതിക നേട്ടങ്ങളുടെ ഒരു കൊച്ചു പ്രകടനം മാത്രം. ഇതിനുവേണ്ടി രാപ്പകലുകൾ മാറ്റിവെച്ച സ്കൂൾ ഡിജിറ്റൽ മാഗസീൻ *2024* തയ്യാറാക്കിയ എന്റെ *LK 2022-2025* ബാച്ചിലെ കുട്ടികൾക്ക് അഭിനന്ദനങ്ങൾ



**Krishnakumar**

kite master

ഗവ ജി എച്ച് എസ് എസ് കുളത്തൂർ സ്കൂളിലെ ലിറ്റിൽ കൈറ്റസ് അംഗങ്ങൾ ചേർന്ന് നിർമിച്ച ഡിജിറ്റൽ മാഗസീനിലെ സ്രഷ്ടികൾ സുന്ദരവും ലാളിത്യമുള്ളതും. പ്രയോജനപ്രദവും ആണ്. ഈ ഡിജിറ്റൽ യുഗത്തിൽ ഈ കൂട്ടായ്മ മാതൃകപരമായ ധാരാളം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഈ പ്രവർത്തനവും പ്രശംസനീയമാണ് ഇനിയും അവസരങ്ങൾക്കനുസരിച്ച് പ്രവർത്തിച്ച് ഒരുപാട് ഉയരങ്ങളിൽ എത്താൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

# EDITORIAL BOARD



Arsha S Ajith - IX E



Arun Sankar - IX E



Saranya A S - IX F



Arjun Krishna - IX E



Darshna S N - IX F



Nithin S S - IX F

# പ്രവേശനോത്സവം





# സോളാർ ഉദ്ഘാടനം









# യോഗാ ദിനം









# സൈൻസ് എക്സിബിഷൻ











# ക്ലബ് ഉദ്ഘാടനം









# ചാന്ദ്ര ദിനം












ഗവ:വൊക്കേഷണൽ & ഹയർ സെക്കണ്ടറി സ്കൂൾ കുളത്തൂർ
ഉച്ചക്കട പി.ഒ. നെയ്യാറ്റിൻകര


കരവയൽ കൃഷി


കളിസ്ഥലം

# എന്റെ പൂവ്

(കവിത)

എന്തു നല്ല പൂവ്
ചന്തമുള്ള പൂവ്
നല്ല മണമുള്ള പൂവ്
പല നിറമുള്ള പൂവ്
തേനുള്ള പൂവ്
എന്തു നല്ല പൂവ്
ചന്തമുള്ള പൂവ്
എന്റെ കുഞ്ഞു പൂവ്

തീർത്ഥശേഖർ.എസ്

5 B

# ഏകാന്തത

ഇരുളിൻ്റെ ആത്മാവിൽ
വഴിതെറ്റി അലയുന്ന
ഏകാകിയായ മനുഷ്യാ...
നിൻ്റെ ഉള്ളിൻ്റെയുള്ളിൽ
അകലെയൊരു കോണിലായി
ഒരു തരിവെട്ടം മുനിഞ്ഞു കത്തുന്നുവോ...
കാണുന്നു ഞാൻ അകലെയായ
ഏകാന്തതയുടെ പടവുകളോരോന്നും
ഇരുളിൻ്റെ മറപറ്റിയൊഴുകുന്ന നിഴലുകൾ
വല്ലാതെ ഭയപ്പെടുത്തുന്ന അമറലുകൾ
എങ്ങുമേ പേടിപ്പെടുത്തുന്ന ചലനങ്ങൾ
ഏകാന്തതയുടെ അന്ധകാരവും
ഹൃദയത്തിനുള്ളിൽലേക്ക് പെയ്തിറങ്ങുന്ന
ഒരു ചെറുവെളിച്ചത്തിനായ് കാത്തിരിക്കുന്നു.

# ഒരുമ

അമ്മയും നന്മയും ഒന്നാണ്
ഞങ്ങളും നിങ്ങളും ഒന്നാണ്
അറ്റമില്ലാത്ത ഒരു ജീവിതത്തിൽ
നമ്മളൊറ്റക്കല്ലല്ലോ
മണവും നിറവും
വേറെയാണെങ്കിലും
മലരാല മലരൊക്കെ മലരാണ്
ഒഴുകുന്ന പുഴുകൾ
വേറെയുണ്ടെങ്കിലും
പുഴയായ പുഴയൊക്കെ പുഴയാണ്

# ആനക്കുട്ടി (കവിത)

കുട്ടിയാന്നാ കുട്ടിയാന്നാ
കറു കറുത്തൊരു കുട്ടിയാന്നാ
കുട്ടിയാന്നാ കുട്ടിയാന്നാ
വികൃതികൾ നിറഞ്ഞൊരു കുട്ടിയാന്നാ.




അനുഷ്ക.എസ്.ജെ
5D


# മാരുതൻ

ഓളങ്ങളെ കുഞ്ഞോളങ്ങളെ
തീരങ്ങളെ താലോലിക്കും ഓളങ്ങളെ
ത്തുവാനത്തിൽ ചിതറി പടരുന്ന
കർക്കിടക നാളിൽ കറുത്തമേഘമേ
നിൻ്റെ അടിത്തട്ടു നിറയെ പവിഴമണിയോ.
പുതുമഴ ചെയ്യുന്ന നാളിൽ
പുതുമണം പരക്കുന്നു ഭൂമിയിൽ
കരിമിഴിയുമായ് വീശുന്ന മാരുതൻ
അലയുന്ന കാനന ചില്ലകളിൽ.
ചോലമരം പൂത്തൊലഞ്ഞ വഴിയിൽ
പനംതത്തകൾ പാറി പറക്കുന്നു.
താരാട്ടുപാടുന്നു കുയിലുകൾ
ആടുന്നു മാമര കൊമ്പുകളിൽ.

# പൂമ്പാറ്റയുടെ പാട്ട് (കവിത)



പൂവുകൾ തേടും പൂമ്പാറ്റ
പൂന്തേൻ ഉണ്ണും പൂമ്പാറ്റ
പൂമ്പൊടി വീശും പൂമ്പാറ്റ
പൂവിലുറങ്ങും പൂമ്പാറ്റ
പൂവുകൾ തേടും പൂമ്പാറ്റ
പൂവിലുറങ്ങും പൂമ്പാറ്റ
ലല്ലല ലല്ലല ലല്ലല
മഴവില്ലാണോ നിന്നമ്മാ തരുമോ
നീയൊരു കുഞ്ഞുമ്മ
മുങ്ങാം പൊങ്ങാം
ഇളവെയിലിൽ
നീന്താം മറിയാം
പൊൻവെയിലിൽ
ലല്ലല ലല്ലല ലല്ലല
പൂവുകൾ തേടും പൂമ്പാറ്റ
പൂന്തേൻ ഉണ്ണും പൂമ്പാറ്റ



# നന്ദിക്കെട്ട ചെന്നായ

ഒരിക്കൽ അത്താഴം കഴിച്ചുകൊണ്ടിരുന്ന ചെന്നായയുടെ തൊണ്ടയിൽ ഒരു ചെറിയ എല്ല് കുടുങ്ങി.വേദകൊണ്ടു പുളഞ്ഞ ചെന്നായ അതുവഴിപോയ സകലരോടും തൊണ്ടയിൽ കുടുങ്ങിയ എല്ല് എടുത്തുകളയുവാൻ .അവൻ വിളിച്ചു പറഞ്ഞു,

"ഈ എല്ലൊന്നെടുത്തു കളയു ഞാൻ നിങ്ങൾക്ക് എന്തു വേണമെങ്കിലും തരാം. അവസാനം വഴിൽ വന്ന ഒരു കൊക്ക് ആ ചെന്നായയുടെ തൊണ്ടയിൽ കുടുങ്ങിയ എല്ല് പുറത്തെടുക്കാനായി ചെന്നായയുടെ വായിൽ കടത്തി എല്ല് എടുത്തു കളഞ്ഞു. ചെന്നായയ്ക്ക് ആശ്വാസ മായി കൊക്ക് ചെന്നായയോട് ചോദിച്ചു,നിന്നെ സഹായിച്ച തിന് എനിക്കു നീ എന്താണ് തിരിച്ചു നൽ കുന്നത് ? ചെന്നായ കൗശ ലത്തോടെ ചിരി ച്ചുകൊണ്ട് പറഞ്ഞു,ഞാൻ നിന്റെ തല എന്റെ വായ്ക്കകത്തിട്ടപ്പോൾ നിന്നെ കൊല്ലാമായിരുന്നു. നന്ദകെട്ട ചെന്നായയുടെ ഈ വാക്കുകൾ കേട്ട് നിരാശയോടെ കൊക്ക് നടന്നകന്നു.

# ആമയും മുയലും

പണ്ട് പണ്ട് ഒരു കാട്ടിൽ മടിയനായ മുയലച്ഛൻ ഉണ്ടായിരുന്നു. ഏറ്റവും വലിയവൻ താനാണ് എന്ന മനോഭാവമായിരുന്നു മുയലച്ഛന്റേത്. ഒരു ദിവസം മുയലച്ഛൻ മടയാമയെ ഓട്ടം മത്സരത്തിന് വെല്ലുവിളിച്ചു. മടയാമ വളരെയധികം ദയാലുവും നല്ലവനുമായിരുന്നു. അങ്ങനെ ആ ദിവസം വന്നെത്തി, കാട്ടിലുള്ള എല്ലാവരും മത്സരം കാണാനെത്തി. മൂന്ന് രണ്ട് 'ഓന്ന്' എന്ന് കേട്ടപ്പോൾ രണ്ടുപേരും ഓടാൻ തുടങ്ങി. മുയലച്ഛൻ വളരെ വേഗതയിൽ ഓടി പക്ഷെ ആമയ്ക്ക് അത്ര വേഗതയിൽ ഓടാൻ സാധിച്ചില്ല. മുയൽ പകതി ദൂരം എത്തിയപ്പോൾ കരുതി 'ഈ കാട്ടിലെ ഏറ്റവും കഴിവുള്ളവൻ ഞാനാണ്. ആ ആമയ്ക്ക് എന്തായാലും എന്നെ തോൽപ്പിക്കാൻ സാധിക്കില്ല. പകുതി ദൂരം എത്തിയല്ലോ ഇനി എന്തായാലും കുറച്ച് വിശ്രമിച്ചിട്ട് പോകാം'. അങ്ങനെ മടിയനായ മുയലച്ഛൻ വലിയ അൽ മരത്തിന്റെ ചുവട്ടിൽ കിടന്ന് അറിയാതെ മയങ്ങി പോയി. ആമ തന്റെ മുഴുവൻ വേഗതയും ഉപയോഗിച്ച് ഓടി, അങ്ങനെ അവൻ മുയൽ വിശ്രമിക്കുന്ന സ്ഥലത്തെത്തി. ആമ ശബ്ദമൊന്നും ഉണ്ടാക്കാതെ പതിയെ മുന്നോട്ട് നീങ്ങി. അവസാനം ആമ മത്സരം വിജയിച്ചു. മുയലച്ഛൻ നാണക്കേട് കൊണ്ട് തല കുനിച്ചു. അപ്പോൾ ആമ മുയലിനോടായി പറഞ്ഞു "എടൊ മുയലച്ചാ. എല്ലാവർക്കും അവരവരുടേതായ കഴിവുകൾ ഉണ്ട് അതു പോലെ കുറവുകളും. അത് തിരിച്ചറിഞ്ഞ് നാം ജീവിക്കണം". അങ്ങനെ ആമയും മുയലും നല്ല കൂട്ടുകാരായി.

# ഞാനും എന്റെ അനിയത്തിയും

ഒരു ദിവസം ഞാൻ എന്റെ അനിയത്തിയുടെ കൂടെ പുഴക്കരയിൽ കളിക്കാനായി പോയി. ചെറിയ ഒഴുക്കുള്ള വളരെ മനോഹരമായ പുഴ. കളി കഴിഞ്ഞു അപ്പോ പെട്ടെന്ന് എന്തോ ഒരു ഭീകരമായ ശബ്ദം കേട്ടു. അതു കേട്ടതും പാറു പേടിക്കാൻ തുടങ്ങി. ഞാൻ അവളോട് ചോദിച്ചു "എന്താ പാറു പേടിക്കുന്നേ?". അപ്പോൾ അവൾ പേടിയോടെ മറുപടി തന്നു "എ...എന്തോ ഒരു ശബ്ദം കേട്ടു". ഞാൻ അവളോട് സമാധാനത്തോടെ പറഞ്ഞു "എന്ത് ശബ്ദമാ കേട്ടത്? നീ പേടിക്കണ്ട ചേച്ചി യില്ലേ നിന്റെ കൂടെ. നീ ഇവിടെ നിന്നോ ഞാൻ പോയി നോക്കി യിട്ട് വരാം".പാറുവിന്റെ മുഖം പേടികൊണ്ട് വിളറിവെളുത്തു അവൾ പറഞ്ഞു "വേണ്ട ചേച്ചി വേണ്ട നമ്മുക്ക് വേഗം വീട്ടിൽ പോകാം". പക്ഷെ എനിക്ക് ആ ശബ്ദം എവിടെ നിന്നുമാണ് വന്നത് എന്നറിയാൻ ജിജ്ഞാസ തോന്നി. ഞാൻ പതിയെ പാറുവിനെയും കൂട്ടി കുറ്റിച്ചെടിയുടെ ഇടയിലേക്ക് നോക്കി. പെട്ടെന്ന് കുറ്റിച്ചെടി അനങ്ങാൻ തുടങ്ങി. അപ്പൊൾ അതാ ഒരു തവള അതിൽ നിന്നും പുഴയിലേക്ക് ചാടുന്നു. ഞാനും പാറുവും ചിരിച്ച് ചിരിച്ച് തിരിച്ച് വീട്ടി ലേക്ക് പോയി .

# ബുദ്ധിമാനായ മുയൽ

ഒരിടത്ത് ഒരിടത്ത് ഒരു തവളയുണ്ടായിരുന്നു. ആ തവള എല്ലാവരെയും കബളിപ്പിക്കുമായിരുന്നു. ഒരിക്കൽ ആ തവള ആമയോട് പറഞ്ഞു നിന്റെ കൂട്ടുകാരനെ ഒരു വേട്ട ക്കാരൻ പിടിച്ചുകൊണ്ടു പോയി എന്ന്. ഇത് കേട്ട് ആമയ്ക്ക് ഒത്തിരി വിഷമം തോന്നി. എങ്ങനെയെങ്കിലും കൂട്ടുകാരനെ രക്ഷിക്കണം എന്ന് പറഞ്ഞ് വേട്ടക്കാരന്റെ അടുത്ത് അവൻ പോയി. അപ്പോഴാണ് അവനു ഒരു കാര്യം മനസ്സിലായത്,തന്നെ ആമ പറ്റിച്ചതാണെന്ന്. ആമയുടെ കൂട്ടുകാരൻ അവിടെ ഇല്ലായിരുന്നു. ആമയെ കണ്ട വേട്ടക്കാരൻ ആമയെ പിടിച്ചുകൊണ്ടുപോയി.അങ്ങനെ കാട്ടിലുള്ളവർക്കെല്ലാം അതൊരു പ്രശ്നമായി മാറി. പിന്നെ മറ്റൊരു ദിവസം തവള ഒരു മുയൽ കുഞ്ഞിനോട് പറഞ്ഞു നിന്റെ അമ്മയെ ഒരു കരടി ഭക്ഷിക്കുകയാണെന്ന്. മുയലിനു അറിയാമിയിരുന്നു തവള കള്ളം പറഞ്ഞതാണന്ന്,കാരണം തന്റെ അമ്മയെ പുഴക്കരയിൽ വെച്ച് കണ്ടിട്ടാണ് മുയൽ കുഞ്ഞു വന്നത്. എന്നാലും ഈ തവളയെ ഒരു പാഠം പഠിപ്പിക്കണമെന്ന് മുയൽകുഞ്ഞ് തീരുമാനിച്ചു. മുയൽ കുഞ്ഞു ആ കരടിയുടെ അടുത്ത് പോയി.മുയലിനെ കണ്ട കരടി ദേഷ്യത്തോടെ പറഞ്ഞു "നീ എന്തിനാണ് എന്റെ ഗുഹയിലേക്ക് വന്നത്?". മുയൽ കുഞ്ഞു പറഞ്ഞു "അല്ലയോ കരടി  അമ്മാവാ അങ്ങയെ കുറിച്ച് ഒരു തവള മോശമായി പറഞ്ഞു,കരടി ഒരു മണ്ടനാണ് അവനെപ്പോലൊരു മണ്ടൻ ഈ ലോകത്ത്  ഇല്ല എന്നൊക്കെ". ഇതുകേട്ട് ദേഷ്യം വന്ന കരടി ചോദിച്ചു "ആ തവള എവിടെ?",മുയൽ കുഞ്ഞു തവളയെ കരടിയ്ക്ക് കാണിച്ചുകൊടുത്തു. കരടി തവളയെ ഭക്ഷിച്ചു.അങ്ങനെ കാട്ടിലുള്ളവർക്കെല്ലാം സമാധാനമായി.

# നിലാവെളിച്ചം

നിലാവ്, നിലാവെളിച്ചം ഭൂമിയിലെ മനുഷ്യന്റെ സർഗാത്മകതക്കും ഭാവനയ്ക്കും എക്കാലവും ഏറ്റവും കൂടുതൽ പാത്രമായ അതുല്യ തേജസ്സുള്ള പ്രപഞ്ചാത്ഭുതം. ഒരിക്കൽ ചൈനയിലെ ഒരു രാജാവ് ചന്ദ്രനെ നോക്കി ചന്ദ്രനിലേക്കും തനിക്ക് അധിനിവേശം നടത്തണം എന്നാഗ്രഹിച്ചു. അതിനായ അദ്ദേഹം തന്റെ ഇരിപ്പിടത്തിനു ചുറ്റും പടക്കങ്ങൾ സ്ഥാപിച്ച് അതിൽ തികൊളുത്തി. രാജാവ് മരിച്ചു എന്നിപ്പോഴും ആ ജനത തിരിച്ചറിഞ്ഞിട്ടില്ല. ശദാബ്ദങ്ങൾക്ക് മുൻപ്, മനുഷ്യൻ അവനെ തന്നെ തിരിച്ചറിയുന്നതിന് മുൻപ് തന്നെ, അവന്റെ ഔത്സുക്യം അവനെ ചന്ദ്രനിൽ എത്തിച്ചു. അത്രയക്ക് മനുഷ്യമനസ്സിനെ ത്രസിപ്പിക്കുന്ന ഒരു തേജസ്സാണ് ചന്ദ്രൻ.

ഇന്ദു, ശശി, സോമൻ, ശശാങ്കൻ എന്നിങ്ങനെ ചന്ദ്രന് വിളിപ്പേരുകൾ ഏറെയുണ്ട്. പുരോഗമനത്തിന്റെയും വികസനത്തിന്റെയും പരമസ്ഥാനം കണ്ടുനിൽക്കുന്ന മനുഷ്യന്റെ ശാസ്ത്രാബോധവും യുക്തി ചിന്തയും അവനെ പ്രപഞ്ചലിപികളിൽ പരമസ്ഥാനെ പ്രാപ്തനാക്കി. ഇങ്ങനെ എല്ലാതലത്തിലും വികസിക്കുന്ന മനുഷ്യന്റെ ഒരു കണ്ണ് ചന്ദ്രനൊപ്പമാണ് ലോകമെമ്പാടും പല രാജ്യങ്ങളും ചന്ദ്രനിലേക്കുള്ള അധിനിവേശം നടത്തിയിരിക്കുന്നു. അവർക്കൊപ്പം അല്ലെങ്കിൽ അവരെക്കാൾ ഒരു മുഴം മുൻപേ നടക്കുകയാണ് ഇന്ത്യ. അതിനുദാഹരണമായ ഉദാഹരണമാണ് നമ്മുടെ ചന്ദ്രയാൻ ദൗത്യങ്ങൾ.

2008 ഒക്ടോബർ 22 നാണ് ഇന്ത്യയെ വാനോളം ഉയർത്തിയ ചന്ദ്രയാൻ 1 ദൗത്യത്തിന്റെ വിക്ഷേപണം. സഞ്ചാരപാതകളിൽ ദൗത്യങ്ങൾ കൃത്യമായി ചെയ്തുകൊണ്ട് ചന്ദ്രനിലിറങ്ങി ചന്ദ്രന്റെ ഉപരിതലത്തിലെ ജലസാന്നിധ്യം കണ്ടെത്തിയ ചന്ദ്രയാൻ 1 ഇന്ത്യക്ക് അഭിമാനമാണ്. എന്നാൽ ചന്ദ്രയാൻ 2ഇന്ത്യൻ ജനതയുടെ മനസ്സിലെ തിരാനോവാണ്. വളരെയോറെ പ്രതീക്ഷകൾ ഇന്ത്യൻ ജനതക്ക് സമ്മാനിച്ച് വിക്ഷേപിച്ച ദൗത്യത്തിന് സോഫ്റ്റ് ലാൻഡിങ് സമയത്ത് ഭൂമിയുമായിട്ടുള്ള സാങ്കേതിക ബന്ധം നഷ്ടമായി. പക്ഷെ, ചന്ദ്രോപരിതലത്തിലിറങ്ങി ചന്ദ്രനെ പഠിച്ചു കൊണ്ട് ദൗത്യം പൂർത്തിയാക്കാൻ ചന്ദ്രയാൻ 2 ന് സാധിച്ചു. ഈ ഇടക്കാലത്ത് വിക്ഷേപിച്ചതും ഇന്ത്യയക്ക് സൽപ്പേര് സമ്മാനിച്ചതുമായ ദൗത്യമാണ് ചന്ദ്രയാൻ3.

ചന്ദ്രനിലെ താപനില, കമ്പനങ്ങൾ, മൂലകങ്ങളുടെ സാന്നിദ്ധ്യം എന്നി വിഷയങ്ങളിൽ മുൻപ് നടന്ന പര്യവേഷണങ്ങൾ നൽകിയ വിവരങ്ങളെക്കാളേറെ വ്യത്യസ്തമായ വിവരങ്ങൾ നൽകാൻ ദക്ഷിണധ്രുവത്തിൽ ഇറങ്ങിയ ആ പേടകത്തിന് സാധിച്ചു എന്നത് അഭിമാനകരമാണ്.

പലപ്പോഴും നിഗൂഢമായിരുന്നു ചാന്ദ്രപ്രതിഭാസങ്ങൾ. ചന്ദ്രോൽപത്തിയെ പ്രപഞ്ചോൽപത്തിയുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് ഇന്ന് പല പഠനങ്ങളും പുരോഗമിക്കുന്നത്. NASA യും USSR ഉം ESA യും അങ്ങനെ ബഹിരാകാശ ഏജൻസികളെല്ലാം ചന്ദ്രനെ പരുന്തുകളെപ്പോലെ വട്ടമിട്ട് പറക്കുകയാണ്. ഇന്ന് ചന്ദ്രൻ വെറുമൊരു ഉപഗ്രഹം മാത്രമല്ല. മനുഷ്യന്റെ ഭാവി ദിർഘദൂര ബഹിരാകാശ യാത്രകൾക്കുള്ള ഇടത്താവളം കൂടിയാണ് ഭൂമി വിട്ടൊരു ജിവിതം മനുഷ്യന് ഉണ്ടെങ്കിൽ അത് ചന്ദ്രനിലാകും എന്നതാണ് ശാസ്ത്ര പ്രവചനം. അതിനാൽ മനുഷ്യന്റെ ഭാവി സദനം കൂടിയാണ് ചന്ദ്രൻ.

മനുഷ്യമനസ്സിൽ പുതുധാരകൾ തുറന്നുകാട്ടിയ ചന്ദ്രൻ, നമ്മുടെ അമ്പിളിമാമൻ എക്കാലവും നമ്മുടെ പ്രീതിയുടെ പാത്രമാണ്. പല വിരുതുകളും കാട്ടി നമ്മെ ഊർജ്ജസ്വലരാക്കുന്ന ചന്ദ്രൻ നമ്മുടെ പുരോഗമനത്തിന്റെയും നിത്യ നിദാനമാണ്. പര്യവേഷണങ്ങളിലൂടെ ചന്ദ്രന്റെ കൗതുകകരമായ ഉൾത്താരകൾ കാണാൻ നമ്മളും പ്രവർത്തിക്കണം, പ്രയത്നിക്കണം.

ദേവിക എസ് എസ്
VIII B

# മാമ്പഴം

ഒരു കാട്ടിൽ ഒരു  മുയൽ ഉണ്ടായിരുന്നു .അവൻ ഒരു ദിവസം വിശന്ന് തളർന്ന് ഒരു മരച്ചുവട്ടിൽ ഇരുന്നു. അപ്പോഴാണ്  അവൻ ചിന്തിച്ചത് ഇതേതു മരമാണ് . അവൻ മുകളിലേക്ക് നോക്കികൊണ്ട് പറഞ്ഞു. ഹായ്! നല്ല തുടുത്ത  മാമ്പഴം. പക്ഷേ ഇതെങ്ങനെ പറിക്കും.  അവൻ ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ അതു വഴി ഒരു ആന വന്നു. മുയൽ ചോദിച്ചു.ആന ചേട്ടാ ആന ചേട്ടാ എനിക്ക് ഈ മാമ്പഴം പറിച്ചു തരാമോ.

# പാവപ്പെട്ട കുട്ടികൾ

പണ്ടു പണ്ട് ഒരു ഗ്രാമത്തിൽ രാമു,രാമൻ എന്നീ രണ്ട് സഹോദരങ്ങൾ താമസിച്ചിരുന്നു.അവർ ഒരുമിച്ചാണ് സ്കൂളിൽ പോകാറുള്ളത്. അവർ പോകുന്നവഴിയിൽ ഒരു ഇറച്ചി കട ഉണ്ടായിരുന്നു. അവർ സ്കൂൾ വിട്ട് വന്നപ്പോൾ അവിടെ അവർ ഇറച്ചികറിയും റൊട്ടിയും കഴിച്ചു.പിറ്റെ ദിവസം അവർ അവിടെ കൂടെ പോയപ്പോൾ ഇറച്ചികറിയുടെ മണം അവരുടെ മൂക്കിൽ തുളച്ചു കയറി.അങ്ങനെ അവർ കയറി വീണ്ടും ഇറച്ചികറിയും റൊട്ടിയും കഴിച്ചു ഇത് പതിവായി. അവർ പൈസ കൊടുക്കാതെ കടം വച്ചാണ് കഴിക്കാറ് അങ്ങനെ കടം പെരുകി.കടക്കാരൻ ഇനി എത്ര രൂപയാണ് കൊടുക്കാൻ ഉള്ളത് എന്ന് ഒരു പേപ്പറിൽ എഴുതി അവരുടെ കൈയിൽ കൊടുത്തു. അവരുടെ കൈയിൽ പണം ഇല്ലായിരുന്നു.അവർ വീട്ടിൽ നിന്ന് മോഷ്ടിക്കാം എന്ന് കരുതി.മോക്ഷണം പതിവായി. അങ്ങനെ ഒരു മാസം കഴിഞ്ഞു, വീട്ടിൽ ദാരിദ്രമായി. രാമുവിനും രാമനും കുറ്റബോദം തോന്നി.അവർ അമ്മയോട് പറഞ്ഞു.അമ്മ അച്ഛനോട് പറയാൻ പറഞ്ഞു. അവർ ഈ കാര്യം ഒരു പേപ്പറിൽ എഴുതി

അച്ഛന് കൊടുത്തു.അച്ഛൻ അത് വായിച്ചപ്പോൾ അച്ഛന്റെ

കണ്ണിൽ കൂടി കണ്ണുനീർ ഒലിച്ചു. അച്ഛൻ അവരെ വഴക്കു പറഞ്ഞില്ല. അതിനു പകരം ഉപദേഷിച്ചു. അവർ അച്ഛനോട്

മാപ്പ് പറഞ്ഞു. ഇനി ഇങ്ങനെ ഒന്നും ചെയ്യില്ല എന്ന് പറഞ്ഞു.

ഗുണപാഠം

നമ്മളൊരിക്കലും അമ്മയെയും അച്ഛനെയും പറ്റിച്ച് ജീവിക്കാൻ പാടില്ല.

# എം.എസ്.ധോണി

എം എസ് ധോണിയുടെ  ജനനം

1981 ജൂൺ 7 ന് ജാർഖണ്ഡിലെ റാഞ്ചിയിലാണ് എംഎസ് ധോണി ജനിച്ചത്. അച്ഛൻ നരേന്ദ്ര സിങ്ങും അമ്മ രജനിയും ചേർന്നാണ് അദ്ദേഹത്തിന് മഹേന്ദ്ര സിംഗ് ധോണി എന്ന പേര് നൽകിയത്.

അദ്ദേഹത്തിന്റെറെ കുടുംബം ക്രിക്കറ്റ് പശ്ചാത്തലമുള്ളതാണ്. അദ്ദേഹത്തിന്റെ പിതാവ് നിരവധി സീസണുകളിൽ ബീഹാർ സംസ്ഥാന ടീമിൻ്റെ വിക്കറ്റ് കീപ്പറായിരുന്നു, മുത്തച്ഛൻ നന്ദ് കിഷോർ സിംഗ് ബീഹാറിനും ഈസ്റ്റ് സോണിനും വേണ്ടി ഫസ്റ്റ് ക്ലാസ് ക്രിക്കറ്റ് കളിച്ചു.

എംഎസ് ധോണിയും ലോകകപ്പും

2011 ലോകകപ്പിൽ ഇന്ത്യയെ വിജയത്തിലേക്ക് നയിച്ചപ്പോഴും വിജയങ്ങൾ തുടർന്നു. ഈ ടൂർണമെന്റിലെ ടൂർണമെന്റ് പ്രകടനം. ഇതിനുശേഷം, 2013 വരെ അദ്ദേഹം ഇന്ത്യയുടെ T201 ടീമിനെ നയിച്ചു, അവർ ICC ലോക ട്വന്റി20 ചാമ്പ്യൻഷിപ്പും നേടി. രഞ്ജി ട്രോഫിയും ദിയോധർ ട്രോഫിയും ഉൾപ്പെടെ നിരവധി ആഭ്യന്തര ടൂർണമെന്റുകളിലും ധോണി കളിച്ചിട്ടുണ്ട്. 2010ലും 2011ലും രണ്ട് തുടർച്ചയായി ഇന്ത്യൻ പ്രീമിയർ ലീഗ് ചാമ്പ്യൻഷിപ്പുകൾ നേടിയ ചെന്നൈ സൂപ്പർ കിംഗ്സ് ടീം അംഗമായിരുന്നു അദ്ദേഹം.

ഐപിഎൽ കരിയർ

ചെന്നൈ സൂപ്പർ കിംഗ്സിനായി കളിക്കുമ്പോൾ, 2010ലും 2011ലും തുടർച്ചയായി രണ്ട് ഇന്ത്യൻ പ്രീമിയർ ലീഗ്ൾ നേടിയ ഒരു സുപ്രധാന ടീം അംഗമായിരുന്നു ധോണി. 2012, 2013 സീസണുകളിൽ ഐപിഎൽ ഫ്രാഞ്ചൈസിയുടെ ക്യാപ്റ്റനായും അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. ഓസ്ട്രേലിയൻ ക്രിക്കറ്റ് ഇതിഹാസം റിക്കി പോണ്ടിംഗിന്റെ ടീമായ ഡെക്കാൻ ചാർജേഴ്സിൽ ചേർന്നപ്പോൾ ഐപിഎല്ലിന്റെ ആദ്യ സീസണിൽ ഒരു അന്താരാഷ്ട്ര ട്വൻ്റി 20 ഫ്രാഞ്ചൈസി ഒപ്പിട്ട ആദ്യ ഇന്ത്യക്കാരനാണ് അദ്ദേഹം.

ഇന്ത്യൻ പ്രീമിയർ ലീഗിൻ്റെ ചരിത്രത്തിൽ 500 റൺസും 100 വിക്കറ്റും തികയ്ക്കുന്ന ആദ്യ താരമാണ് ധോണി. 2010-ലെ വിസ്ഡന്റെ അഞ്ച് ക്രിക്കറ്റർ ഓഫ് ദ ഇയർ ഉൾപ്പെടെ, മികച്ച പ്രകടനങ്ങൾക്ക് നിരവധി അവാർഡുകൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്

എംഎസ് ധോണി റെക്കോർഡ്

ടി20 അന്താരാഷ്ട്ര മത്സരങ്ങളിൽ ഏറ്റവും കൂടുതൽ മത്സരങ്ങൾ കളിച്ച ഇന്ത്യൻ താരം, 111 മത്സരങ്ങൾ, എംഎസ് ധോണിയുടെ റെക്കോർഡുകളിൽ ഉൾപ്പെടുന്നു. ടി20 അന്താരാഷ്ട്ര മത്സരങ്ങളിൽ 17 അർധസെഞ്ച്വറികളും അദ്ദേഹം നേടിയിട്ടുണ്ട്, ഇത് ഈ ഫോർമാറ്റിൽ മറ്റേതൊരു കളിക്കാരനും നേടിയതിനേക്കാൾ കൂടുതലാണ്. അന്താരാഷ്ട്ര ട്വൻ്റി20യിൽ ഒരു ഇന്ത്യൻ ബാറ്റ്സ്മാന്റെ ഏറ്റവും ഉയർന്ന സ്കോറും അദ്ദേഹത്തിന്റെ റെക്കോർഡിലുണ്ട്

എംഎസ് ധോണി അവാർഡുകൾ

ബാറ്റും കയ്യുറയും ഉപയോഗിച്ചുള്ള അദ്ദേഹത്തിന്റെ നേട്ടങ്ങൾ, ഐസിസി ഏകദിന പ്ലെയർ ഓഫ് ദ ഇയർ അവാർഡ്  (2008 & 2009), ഗാർഫീൽഡ് സോബേഴ്സ് ട്രോഫി (ഐസിസി ക്രിക്കറ്റർ ഓഫ് ദ ഇയർ) രണ്ടുതവണ (2008 & 2009), വിസ്ഡൻ ഉൾപ്പെടെ നിരവധി അവാർഡുകൾ അദ്ദേഹത്തെ തേടിയെത്തി. രണ്ട് തവണ (2009 & 2013), രണ്ട് തവണ രാജീവ് ഗാന്ധി ഖേൽരത്ന അവാർഡ് (2008 & 2013) മുൻനിര ക്രിക്കറ്റർ ഓഫ് ദി വേൾഡ് അവാർഡ്.

ദർശന

9:F



Pavithra 6B







Rana Charles (8C)




Adhava suresh



Thanusree 6B






















Vaiga 6D





Waiga c Biju



CAPTANS
Abhinav 5C


Abhinav Krishna SS (5C)


Abhinaya A (5C)


ANASWARA-A-P
V-D
Anaswara 5D



Anna AS



vaiga 5D


Anushma SJ


Devanandha S Nair


Aswini (5D)


Abhinaya A (5C)


Manjima JS (6B)


Jyothi R (6B)



Mithra C (5D)



Sangeerthan SS



Prarthan



Siva priya V (5D)



vaiga 6D



Sreenanda AS (5B)




vaiga 5D





vaiga 5D







# സ്കൂളിൻ്റെ ചരിത്രം




കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ ഹൃദയ ഭാഗത്ത് സ്ഥിതി ചെയ്യുന്ന കുളത്തൂർ ഗവൺമെന്റ് വൊക്കേഷണൽ & ഹയർ സെക്കന്ററി സ്കൂൾ 1865 - ൽ മലയാളം മിഡിൽ സ്കൂളായി പ്രവർത്തനം ആരംഭിച്ചു. 1952 - ൽ ഹൈസ്കൂളായി ഉയർന്നു. 1983 - ൽ വൊക്കേഷണൽ ഹയർസെക്കന്ററിയും 2000 - ൽ ഹയർസെക്കന്ററിയും ആരംഭിച്ചു. ഈ വിദ്യാലയത്തിൽ നിന്നും പഠനം പൂർത്തിയാക്കി ഉന്നത പഠനം നേടിയ ഒട്ടനവധി വ്യക്തികൾ ഉന്നത സ്ഥാനങ്ങളിൽ സേവനം അനുഷ്ഠിച്ചു വരുന്നു.



വളരെ പിന്നോക്ക പ്രദേശങ്ങളിലെ സാധാരണക്കാരുടെ കുട്ടികളാണ് ഇവിടെ പഠിക്കുന്നതെങ്കിലും മികച്ച നിലവാരം പുലർത്താൻ നമുക്ക് സാധിക്കുന്നു.ഒന്നരനൂറ്റാണ്ടിന്റെ ചരിത്രം ഉൾക്കൊള്ളുന്ന ഈ മാതൃകാ സ്ഥാപനത്തിന്റെ ഉന്നതിക്കായി പ്രവർത്തിച്ച് മൺമറഞ്ഞു പോയ മഹത് വ്യക്തികളെ ആദരപൂർവ്വം സ്മരിച്ചുകൊള്ളുന്നു.

ഒരു വിദ്യാലയത്തിന്റെ സമഗ്രവും ഫലപ്രദവുമായ പ്രവർത്തനങ്ങളിലെ ഒരു പ്രധാന ഘടകമാണ് പി. റ്റി. എ. വിദ്യാർത്ഥികളും അധ്യാപകരും രക്ഷിതാക്കളും തമ്മിലുള്ള നിരന്തര ബന്ധത്തിലൂടെ മാത്രമേ കുട്ടികളുടെ സർവ്വതോൻമുഖമായ പുരോഗതി സാധ്യമാവുകയുള്ളൂ.വളരെ ചിട്ടയോടെ അർപ്പണബോധത്തോടെ പ്രവർത്തിക്കുന്ന ഒരു പി. റ്റി. എ കമ്മിറ്റി ഈ സ്കൂളിലുണ്ട് എന്നുള്ളത് മറ്റ് സ്കൂളുകൾക്ക് മാതൃകയായി തന്നെ തുടരുന്നു. പി. റ്റി. എ യുടെ മേൽനോട്ടത്തിൽ വാഹനമുള്ള ഗവൺമെന്റ് സ്കൂളെന്ന പ്രത്യേകതയും ഈ സ്കൂളിനുണ്ട്.

തുടർച്ചയായി പാറശ്ശാല ഉപജില്ലാ കലോത്സവം,

കായികമേള, ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തിപരിചയ ഐ ടി മേള എന്നിവയിൽ ഓവറോൾ കിരീടം നേടിവരുന്നു.

വിവിധ വിഷയങ്ങളിൽ റഫറൻസ് ഗ്രന്ഥങ്ങളുള്ള അതിവിപുലമായ ലൈബ്രറി കുളത്തൂർ ഗവ: വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ പ്രത്യേകതയാണ്. UP, HS, VHSE വിഭാഗങ്ങളിൽ സ്മാർട്ട് ക്ലാസ്റൂമുകളും, ലാംഗേജ് ലാബും സജ്ജീകരിച്ചിട്ടുണ്ട്.

ഈ സ്കൂളിലെ NCC യൂണിയൻ നൂറിലധികം കേഡറ്റുകൾക്ക് പരിശീലനം നൽകുന്നുണ്ട്. ഓരോ വർഷവും ദേശീയവും അന്തർദേശീയവുമായ നിരവധി ക്യാമ്പുകളിൽ ഈ സ്കൂളിലെ NCC കേഡറ്റുകൾ പങ്കെടുക്കുകയും കല, സാഹിത്യം തുടങ്ങിയ മേഖലകളിൽ നിരവധി പുരസ്കാരങ്ങൾ നേടുകയും ചെയ്യുന്നു. സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC) യൂണിറ്റ് വളരെ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിച്ചു വരുന്നു. ഓണം, ക്രിസ്തുമസ്, അവധി ദിവസങ്ങളിലും സമ്മർ വെക്കേഷനും ക്യാമ്പുകൾ നടത്തുന്നു.നാഷണൽ സർവ്വീസ് സ്കീമിന്റെ (NSS) പ്രവർത്തനം നമ്മുടെ സ്കൂളിൽ മാതൃകാപരമായി നടന്നു വരുന്നു. വിവിധ ക്ലബ്ബുകൾ, കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് ബ്യൂറോ, സ്കൗട്ട്, റെഡ്ക്രോസ് എന്നിവയുടെ പ്രവർത്തനങ്ങളും വളരെ കാര്യക്ഷമവും പ്രയോജനകരവുമായി നടന്നു വരുന്നു. പഠനത്തോടൊപ്പം വിവിധ മേഖലകളിൽ പ്രാവീണ്യം നേടുക എന്ന ലക്ഷ്യത്തോടെ പഠന ക്ലബ്ബുകൾ ഈ സ്കൂളിൽ രൂപീകരിച്ചിട്ടുണ്ട്. കുട്ടികളുടെ സാഹിത്യാഭിരുചി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കി വരുന്ന വിദ്യാരംഗം കലാസാഹിത്യ വേദിയുടെ യൂണിറ്റ് നമ്മുടെ സ്കൂളിൽ സജീവമാണ്. ഗാന്ധിദർശൻ




പഠന പരിശീലന പരിപാടിയുടെ ഭാഗമായി നമ്മുടെ സ്കൂളിൽ ഗാന്ധിദർശൻ യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. എല്ലാ മതങ്ങളേയും ആദരിക്കുക, എല്ലാവരോടും സ്നേഹമായി പെരുമാറുക, ആരെയും വാക്കുകൊണ്ടോ, പ്രവൃത്തികൊണ്ടോ ദ്രോഹിക്കാതിരിക്കുക, പ്രകൃതിയെ സംരക്ഷിക്കുക തുടങ്ങിയ അടിസ്ഥാന തത്വങ്ങൾ കുട്ടികളിലേക്ക് പകരുവാൻ ഗാന്ധിദർശൻ പരിശീലന പരിപാടികൾ ഏറെ സഹായിക്കുന്നു. ഹയർസെക്കന്ററി വിഭാഗം വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം തൊഴിൽ നൈപുണ്യം കൈവരുന്നതിന് കേരള സർക്കാർ നടപ്പിലാക്കിയ ASAP ന്റെ യൂണിറ്റും ഈ സ്കൂളിൽ വളരെ മെച്ചപ്പെട്ട രീതിയിൽ നടന്നുവരുന്നു. ഹൈസ്കൂൾ ക്ലാസ്സുകളിൽ IHRD ടെക്നോളജി സെന്റർ @ സ്കൂൾ പദ്ധതി ഭംഗിയായി നടന്നു വരുന്നു.

ഈ സ്കൂളിലെ മുൻ പ്രിൻസിപ്പൽ ശ്രീ. എ. കെ. സുരേഷ് കുമാറിന് 2012 ലെ ഏറ്റവും മികച്ച അദ്ധ്യാപകനുള്ള ദേശീയ അവാർഡ് ലഭിച്ചു. 2012 - 13 വർഷത്തെ ഏറ്റവും മികച്ച പി. റ്റി. എ യ്ക്ക് വിദ്യാഭ്യാസ ജില്ലാതലത്തിലും റവന്യൂ ജില്ലാതലത്തിലും ഒന്നാം സ്ഥാനവും സംസ്ഥാനതലത്തിൽ മൂന്നാം സ്ഥാനവും ഈ സ്കൂളിനായിരുന്നു. ഈ രണ്ട് നേട്ടങ്ങളും ഈ സ്കൂളിന്റെ ഏറ്റവും അഭിമാനകരവും സന്തോഷകരവുമായ കാര്യങ്ങളാണ്. മാത്രമല്ല കേരള സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അന്താരാഷ്ട്ര നിലവാരമുള്ള മികവിന്റെ കേന്ദ്രമായി മാറ്റുന്നതിന് നമ്മുടെ സ്കൂൾ തെരഞ്ഞെടുക്കപ്പെട്ടതിൽ ഏറെ അഭിമാനിക്കാം.

കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ ഹൃദയ ഭാഗത്ത്